REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 22-04-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **രണ്ട് ദിവസത്തെ സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉച്ചകഴിഞ്ഞ് സഊദിയിലെത്തും.**
- **ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാര ചടങ്ങുകൾ തീരുമാനിക്കാൻ കർദിനാൾമാരുടെ നിർണായക യോഗം വത്തിക്കാനിൽ. ഇന്ത്യയിൽ മൂന്ന് ദിവസത്തെ ദുഃഖാചരണം.**
- **സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് വയനാട് ജില്ലാതലയോഗം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.**
- **സ്വർണവിലയിൽ വീണ്ടും വൻ കുതിപ്പ്.**
- **IPL ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.**

## വാർത്തകൾ വിശദമായി

രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി സൗദി അറേബ്യയിലേക്ക് പുറപ്പെട്ടു. ഉച്ചകഴിഞ്ഞ് അദ്ദേഹം ജിദ്ദയിൽ എത്തിച്ചേരും. സമീപവർഷങ്ങളിൽ സൗദി അറേബ്യയുമായി ഏറെ വേഗത കൈവരിച്ച ചരിത്രപരമായ ബന്ധത്തെ ഇന്ത്യ വിലമതിക്കുന്നതായി യാത്ര പുറപ്പെടും മുമ്പ് പ്രധാനമന്ത്രി പറഞ്ഞു. പ്രതിരോധം, വ്യാപാരം, നിക്ഷേപം, ഊർജ്ജം, ജനങ്ങൾ തമ്മിലെ ബന്ധം തുടങ്ങിയ മേഖലകളിൽ ഇരുരാജ്യങ്ങളും സുസ്ഥിരമായ പങ്കാളിത്തം വികസിപ്പിച്ചെടുത്തതായും , പ്രാദേശിക സമാധാനം, സമൃദ്ധി, സുരക്ഷ, സ്ഥിരത എന്നിവ പ്രോത്സാഹിക്കുന്നതിൽ ഇന്ത്യയും സൗദി അറേബ്യയും താൽപര്യവും പ്രതിബദ്ധതയും പങ്കിട്ടതായും പ്രധാനമന്ത്രി പറഞ്ഞു.

മേഖലയിലെ സമാധാനവും സുസ്ഥിരതയും സംരക്ഷിക്കുന്നതിൽ ഇന്ത്യയ്ക്കും സൗദി അറേബ്യയ്ക്കും താൽപര്യമുണ്ടെന്ന് സൗദി അറേബ്യയിലേക്ക് പുറപ്പെടുതന്നതിന് മുമ്പ് അറബ് ന്യൂസിന് നൽകിയ പ്രത്യേക അഭിമുഖത്തിൽ പ്രധാനമന്ത്രി പറഞ്ഞു. 2019-ൽ സൗദിയുമായി തന്ത്രപരമായ പങ്കാളിത്ത കൗൺസിൽ രൂപീകരിച്ചതിനുശേഷം ഉഭയകക്ഷി ബന്ധം ഗണ്യമായി വികസിച്ചതായും അദ്ദേഹം അഭിമുഖത്തിൽ വ്യക്തമാക്കി.

✪✪✪

ഇന്ന് ലോക ഭൗമദിനം. ജനങ്ങളിൽ പരിസ്ഥിതിയെക്കുറിച്ച് അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ 1970 ഏപ്രിൽ 22-നു അമേരിക്കൻ ഐക്യനാടുകളിൽ ആണ് ആദ്യത്തെ ഭൗമദിനം ആചരിച്ചത്. പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന വിവിധ പരിപാടികളിലൂടെ ലോകം ഈ ദിനം ആചരിക്കുന്നു. 'നമ്മുടെ ഊർജ്ജം, നമ്മുടെ ഭൂമി" എന്നതാണ് ഈ വർഷത്തെ ഭൗമദിന പ്രമേയം.

✪✪✪

കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനും സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും മുളയുടെ സാധ്യതകൾ തേടുന്ന 'സേവ് എർത്ത് കോൺക്ലേവ്' ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 1,200 പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കും.

കേന്ദ്ര മന്ത്രിമാരായ നിതിൻ ഗഡ്കരി, ഭൂപേന്ദർ യാദവ് എന്നിവരും ഒരു ദിവസത്തെ കോൺക്ലേവിൽ വിവിധ സെഷനുകളിൽ സംസാരിക്കും. കാലാവസ്ഥാ വ്യതിയാനം തടയാൻ സഹായിക്കുന്ന ഹരിത കണ്ടുപിടുത്തങ്ങൾക്ക് 2025- ലെ സുസ്ഥിരതാ അവാർഡുകൾ 15 പേർക്ക് ചടങ്ങിൽ സമ്മാനിക്കും.

✪✪✪

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് സംയുക്ത പാർലമെന്ററി സമിതി യോഗം പാർലമെന്റ് ഹൗസിൽ പുരോഗമിക്കുന്നു. ഒരേ സമയത്തെ തിരഞ്ഞെടുപ്പ് രാജ്യതാൽപ്പര്യത്തിൽ അധിഷ്ഠിതമായ വിഷയമാണെന്നും, സമ്പദ്‌വ്യവസ്ഥയ്ക്ക് ഗുണം ചെയ്യുമെന്നും JPC ചെയർമാൻ P.P ചൗധരി ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

39 അംഗ സമിതിയിൽ ലോക്‌സഭയിൽ നിന്ന് 27 അംഗങ്ങളും രാജ്യസഭയിൽ നിന്ന് 12 അംഗങ്ങളുമുണ്ട്.

✪✪✪

കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാര ചടങ്ങുകൾ തീരുമാനിക്കാൻ വത്തിക്കാനിൽ നിർണായക യോഗം. മാർപാപ്പയുടെ ഭൗതിക ദേഹം നാളെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ പൊതുദർശനത്തിന് വെക്കും.

മുൻ മാർപ്പാപ്പമാർ അന്ത്യവിശ്രമം കൊള്ളുന്ന സെന്റ് പീറ്റേഴ്സ് ബസിലിക്കക്ക് പകരം, സെന്റ് മേരീസ് മേജർ ബസിലിക്കയിലായിരിക്കും ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാരം. സംസ്കാരം സെന്റ് മേരീസ് മേജർ ബസിലിക്കയിൽ നടത്തണമെന്നും അന്തിമ കർമ്മങ്ങൾ ലളിതമായിരിക്കണമെന്നും മാർപ്പാപ്പ അഭിലാഷം അറിയിച്ചിരുന്നു. സംസ്കാര ശുശ്രൂഷകൾക്ക് കർദിനാൾ കെവിൻ ഫാരൽ നേതൃത്വം നൽകും.

ഇന്ത്യയുൾപ്പെടെ വിവിധ രാജ്യങ്ങളിൽ നിന്ന് പ്രതിനിധി സംഘവും സംസ്കാര ചടങ്ങിനായി വത്തിക്കാനിലെത്തും.

ഇന്നലെ ഇന്ത്യൻ സമയം രാവിലെ 11.05-ന് വത്തിക്കാനിലായിരുന്നു ഫ്രാൻസിസ് മാർപ്പാപ്പയുടെ വിയോഗം.

✪✪✪

ഫ്രാൻസിസ് മാർപ്പാപ്പയുടെ വിയോഗത്തിൽ ആദരമർപ്പിച്ച് രാജ്യത്ത് മൂന്ന് ദിവസത്തെ ഔദ്യോഗിക ദുഃഖാചരണം. ഇന്നും നാളെയും സംസ്കാര ദിനത്തിലുമാണ് ദേശീയ ദുഃഖാചരണം. ഈ ദിവസങ്ങളിൽ ഔദ്യോഗിക വിനോദ പരിപാടികൾ ഉണ്ടായിരിക്കില്ല. ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടിരിക്കുകയാണ്..

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷിക ആഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച വയനാട് ജില്ലാതല അവലോകന യോഗം കൽപ്പറ്റയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി അരുൺ വിൻസെന്റ്.

......(വോയ്സ്) .........

✪✪✪

കോവിഡ് 19 ന്റെ വ്യാപനത്തെ തുടർന്ന് നാലു വർഷമായി മുടങ്ങിയ കൈലാസ്- മാനസ സരോവർ യാത്ര ജൂൺ 30 ന് പുനഃരാരംഭിക്കും. ഉത്തരാഖണ്ഡ് വഴിയാണ് തീർത്ഥാടനം. വിദേശകാര്യമന്ത്രാലയത്തിന്റെയും,

ഉത്തരാഖണ്ഡ് സംസ്ഥാന ഗവൺമെന്റിന്റെയും സംയുക്ത മേൽനോട്ടത്തിലായിരിക്കും യാത്ര.

✪✪✪

സ്വർണ വിലയിൽ ഇന്ന് വൻ കുതിപ്പ്. പവന് 2,200 രൂപ വർധിച്ച് 74,320 രൂപയ്ക്കാണ് വ്യാപാരം പുരോഗമിക്കുന്നത്. ഗ്രാമിന് 275 രൂപ വർധിച്ച് 9290 രൂപയാണ് വില. ഇതാദ്യമായാണ് സ്വർണവില 74,000 പിന്നിടുന്നത്. ഒരാഴ്ചക്കിടെ 4,500 രൂപയിലധികമാണ് പവന് വർധിച്ചത്.

പശ്ചിമേഷ്യയിലെ സംഘർഷങ്ങളും അമേരിക്കയിലെ താരിഫ് സംബന്ധമായ പ്രശ്നങ്ങളുമാണ് വില വർധനവിന് പ്രധാന കാരണം. ഈ രീതിയിൽ മുന്നോട്ട് പോയാൽ സ്വർണവില ഒരു ലക്ഷം രൂപ കടന്നേക്കുമെന്നാണ് സാമ്പത്തിക വിദഗ്ധർ അഭിപ്രായപ്പെടുന്നത്.

അന്താരാഷ്ട്ര വിപണിയിൽ സ്വർണത്തിന് ആവശ്യക്കാർ ഏറിയതും വില വർധിക്കാൻ കാരണമായിട്ടുണ്ട്.

✪✪✪

കോഴിക്കോട് ജില്ലാ പഞ്ചായത്ത് അങ്കണത്തിൽ നിർമ്മിച്ച ഭരണഘടനാ ചത്വരം മന്ത്രി K രാജൻ നാടിന് സമർപ്പിച്ചു. 2024- 25 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഭരണഘടനാ ചത്വരം നിർമ്മിച്ചത്.

✪✪✪

മികച്ച സാമൂഹ്യ സുരക്ഷാ അന്തരീക്ഷമുണ്ടായാൽ മാത്രമേ മികച്ച വ്യവസായമുണ്ടാകൂ എന്ന് മന്ത്രി P.രാജീവ് പറഞ്ഞു. കേരളത്തിൽ വ്യവസായ തർക്കത്തിന്റെ പേരിൽ അക്രമമുണ്ടായിട്ടില്ലെന്നും കേരളത്തിന് പുറത്ത് അങ്ങനെയല്ലെന്നും അദ്ദേഹം കണ്ണൂരിൽ പറഞ്ഞു. കേരള പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ നാൽപതാമത് കണ്ണൂർ സിറ്റി ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മികച്ച പൊലീസ് സംവിധാനമാണ് കേരളത്തിലേതെന്നും മന്ത്രി പറഞ്ഞു.

ഷൈൻ ടോം ചാക്കോക്കെതിരായ കേസ് ഗൗരവമായി തന്നെയാണ് പോലീസും എക്സൈസും കാണുന്നതെന്ന് മന്ത്രി P രാജീവ് അറിയിച്ചു. ലഹരിക്കെതിരെ നാട് ഒറ്റക്കെട്ടായാണ് പ്രവർത്തിക്കുന്നതെന്നും, പൊലീസ്, എക്സൈസ് ഉൾപ്പെടെ ഗവൺമെന്റ് സംവിധാനങ്ങൾ മുഴുവൻ ലഹരിക്കെതിരായ പ്രവർത്തനത്തിൽ സജീവമാണെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ആശാ പ്രവർത്തകർ മെയ് ഒന്ന് മുതൽ സംസ്ഥാന വ്യാപകമായി സമര യാത്ര നടത്തും. കാസർഗോഡ് മുതൽ തിരുവനന്തപുരം വരയാണ് സമരയാത്ര. ഇതോടൊപ്പം മെയ് ഒന്നിന് സെക്രട്ടേറിയറ്റിന് മുന്നിൽ തൊഴിലാളി സംഗമം സംഘടിപ്പിക്കുമെന്നും സമര സമിതി നേതാക്കൾ അറിയിച്ചു.

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന രാപകൽ സമരം 72 -ാം ദിവസത്തിലേക്ക് കടന്നിരിക്കുകയാണ്. നിരാഹാര സമരം 34-ാം ദിവസത്തിലേക്കും കടന്നു.

✪✪✪

ഭുവനേശ്വറിൽ സൂപ്പർ കപ്പ് ഫുട്ബാളിൽ നാളെ വൈകീട്ട് 4.30 ന് ബെംഗളൂരു, ഇന്റർ കാശിയെ നേരിടും. മറ്റൊരു മത്സരത്തിൽ മുംബൈ സിറ്റി, ചെന്നൈയിൻ ടീമുമായി മത്സരിക്കും.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ലക്നൗവിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

പ്രശസ്ത ഫുട്ബോൾ താരവും പത്മശ്രീ ജേതാവുമായ IM വിജയനെ വൈകിട്ട് തിരുവനന്തപുരത്ത് ആദരിക്കും. തിരുവനന്തപുരം പ്രസ് ക്ലബ്ബിന്റെ മീഡിയ ഫുട്ബോൾ ലീഗ് സമാപന ചടങ്ങിൽ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലാണ് ആദരം. മന്ത്രി GR അനിലും മറ്റ് പ്രമുഖരും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

എറണാകുളം മഹാരാജാസ് കോളജിൽ ഫെഡറേഷൻ കപ്പ് അത്‌ലറ്റിക്സിന്റെ രണ്ടാം ദിനമായ ഇന്ന് പത്ത് ഇനങ്ങളിൽ ഫൈനൽ മത്സരങ്ങൾ നടക്കുന്നു. ലോംഗ് ജംപിൽ ജെസ്വിൻ ആൻഡ്രിൻ, മുഹമ്മദ് അനീസ്, S ആര്യ എന്നിവർ ഫൈനലിൽ ഇറങ്ങുന്നുണ്ട്.

✪✪✪

കൊച്ചി - ബംഗലൂരു വ്യവസായ ഇടനാഴിയിലെ അയ്യമ്പുഴ ഗ്ലോബൽ സിറ്റി പദ്ധതിയുമായി സംസ്ഥാന ഗവൺമെൻറ് മുന്നോട്ട് പോകാനാണ് ആലോചിക്കുന്നതെന്ന് മന്ത്രി P. രാജീവ് പറഞ്ഞു. ഗ്ലോബൽ സിറ്റി പദ്ധതിയിൽ നിന്ന് കേന്ദ്രം പിൻവാങ്ങിയതോടെ സംസ്ഥാനത്തിന് അധിക ബാധ്യത വന്നിട്ടുണ്ടെന്ന് അദ്ദേഹം അറിയിച്ചു. അയ്യമ്പുഴയിൽ സ്ഥലമുടമകളുടെ

യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. പദ്ധതിയുടെ തുടർ നടപടികൾ ഏകോപിപ്പിക്കാൻ ജില്ലാ കളക്ടറും ജനപ്രതിനിധികളും ഉൾപ്പെട്ട സമിതിക്ക് രൂപം നൽകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിൽ അവയവ മാറ്റിവെക്കൽ ശസ്ത്രക്രിയകൾക്ക് അത്യാധുനിക ഓപറേഷൻ തിയറ്ററുകൾ സജ്ജമായി. ഹൃദയം, കരൾ, വൃക്ക തുടങ്ങിയവ മാറ്റിവെക്കുന്ന 14 ഓപറേഷൻ തിയറ്ററുകൾ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലാണ് പ്രവർത്തിക്കുന്നത്.

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഉദ്ഘാടനത്തിന് വിപുലമായ സ്വാഗതസംഘം രൂപീകരിച്ചു. മുഖ്യമന്ത്രി പിണറായി വിജയനാണ് മുഖ്യ രക്ഷാധികാരി. മന്ത്രിമാരായ V ശിവൻകുട്ടി, സജി ചെറിയാൻ, GR അനിൽ എന്നിവർ രക്ഷാധികാരികൾ. മന്ത്രി VN വാസവനാണ് സ്വാഗതസംഘം ചെയർമാൻ.

✪✪✪

മുതലപ്പൊഴിയിൽ പൊഴി മുറിയ്ക്കൽ നടപടികൾ ആരംഭിച്ചു. മൂന്ന് മീറ്റർ ആഴത്തിലും 13 മീറ്റർ വീതിയിലും ഭാഗികമായാണ് പൊഴി മുറിയ്ക്കുന്നത്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*News Team:അനിൽ ചന്ദ്രൻ*
*DEO: ഷീബ*